**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1028** **30/09/2016 ൽ മറുപടിക്ക്**

**ഹോർട്ടികോർപ്പ് വിതരണം ചെയ്യുന്ന പച്ചക്കറികൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ.കെ.എസ്. ശബരീനാഥൻ**<br>**ശ്രീ.എ.പി.അനിൽ കുമാർ :** | **ശ്രീ.വി. എസ്. സുനിൽകുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) ഹോർട്ടികോർപ്പ് വിതരണം ചെയ്യുന്ന പച്ചക്കറികളുടെ സംഭരണരീതി എപ്രകാരമെന്ന് വിശദമാക്കുമോ ; | (എ) ഹോർട്ടികോർപ്പ് വിതരണം ചെയ്യുന്ന പച്ചക്കറികളുടെ സംഭരണം പ്രധാനമായി രണ്ട് രീതിയിലാണ് നടത്തുന്നത്. കേരളത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ പൂർണ്ണമായും, കർഷക സ്വാശ്രയ വിപണികൾ ഒരുക്കുന്ന വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (വി.എഫ്.പി.സി.കെ.) എന്ന സ്ഥാപനത്തിന്റെ ശൃംഖലകൾ വഴിയും, 6 കാർഷിക മൊത്ത വ്യാപാര വിപണികൾ, കൃഷി ഭവനുകൾ വഴിയും ഹോർട്ടികോർപ്പ് സംഭരിക്കുന്നു. കൂടാതെ സംസ്ഥാനത്ത് ഉത്പാദിപ്പിക്കാത്തതും ആവശ്യത്തിന് തികയാത്തതുമായ ചിലയിനം പച്ചക്കറികളും, സവാള, ചെറിയ ഉള്ളി, ബീൻസ്, ബീറ്റ്റൂട്ട് തുടങ്ങിയവ അയൽ സംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് സംഭരിക്കുന്നു. |
| ബി) വിഷരഹിതമെന്ന വ്യാജേന ഹോർട്ടികോർപ്പ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളും, സ്വകാര്യ സ്ഥാപനങ്ങളും അന്യ സംസ്ഥാനങ്ങളിൽ നിന്നും | (ബി) വിഷലിപ്തമായ പച്ചക്കറികളുടെ വിപണനവും ഉപയോഗവും കഴിയുന്നത്ര തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പ് വിഷലിപ്തമല്ലാത്ത പച്ചക്കറികളാണ് കർഷകരിൽ നിന്ന് സംഭരിക്കുന്നതും വിപണനം ചെയ്യുന്നതും. |

| | | | |
|---|---|---|---|
| | പച്ചക്കറികൾ സംഭരിച്ചു വിപണനം ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | | |
| സി) | ഇപ്രകാരമുള്ള ചൂഷണം തടയുന്നതിനായി പച്ചക്കറികളിലെ വിഷാംശപരിശോധന ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | സി) | പച്ചക്കറികളിലെ വിഷാംശ പരിശോധനയ്ക്ക് പ്രധാനമായും വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയാണ് ഇതുവരെ ഉണ്ടായിരുന്നത് ഇത്തരത്തിലുള്ള രണ്ട് പരീക്ഷണശാലകൾ കൂടി കാസർഗോഡ് ജില്ലയിലെ പടന്നക്കാട്ടും തൃശ്ശൂർ ജില്ലയിലെ വെള്ളാണിക്കരയിലും പ്രവർത്തനം ആരംഭിക്കുവാൻ തയ്യാറായി വരുന്നു.<br>ഹോർട്ടികോർപ്പ് സംഭരിക്കുന്ന പച്ചക്കറികൾക്ക്, കേരളത്തിൽ അവയുണ്ടാക്കുന്ന കൃഷിയിടം വിഷമുള്ള രാസകീടനാശിനികളും മറ്റ് ഉൽപ്പാദനോപാധികളും ഉപയോഗിക്കാത്ത-താണെന്ന് സ്ഥലം കൃഷി ഓഫീസർ സർട്ടിഫിക്കറ്റ് നൽകിയിരിക്കണമെന്ന് നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പഴം, പച്ചക്കറികളുടെ പരിശോധനയ്ക്ക് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ ? | ഡി) | സംസ്ഥാനത്തെ വിവിധ മാർക്കറ്റുകളിൽ നിന്നും കർഷകരിൽ നിന്നും പഴം, പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിനും അവയുടെ കണ്ടെത്തലുകൾ പരസ്യപ്പെടുത്തുന്നതിനും, കീടനാശിനി അവശിഷ്ടം പരമാവധി കുറയ്ക്കുന്നതിനെ സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്നതിനും കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബ് മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതുസംബന്ധിച്ച മാസപുരോഗതി റിപ്പോർട്ട് |

പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ, കൃഷി ഡയക്ടർക്കു നൽകുന്നതിനും, സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.